23/11/21

9/11/2021

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

## ഹർജി നമ്പർ CP No. 347(6)/2021/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.7109/എസ്.ഐ.സി–ജി 5/2021

സന്നിഹിതൻ

അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. ബി. ഷൈജു,<br>കൊല്ലമ്മാവുക്കുടി ഹൗസ്,<br>നീലീശ്വരം പി.ഒ,<br>കാലടി – 683 574,<br>എറണാകുളം. | പരാതി ഹർജിക്കാരൻ |

Vs.

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>ജൂനിയർ സൂപ്രണ്ട് –1,<br>സി സെക്ഷൻ, കളക്ട്രേറ്റ്,<br>ഇടുക്കി.<br><br>2.സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>ഡെപ്യൂട്ടി തഹസീൽദാർ (ആസ്ഥാനം)<br>താലൂക്ക് ഓഫീസ്, ദേവികുളം,<br>ഇടുക്കി – 685 613. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 08/03/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 16/04/2021 |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 02/07/2021 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 06/07/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11/08/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 07/09/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 01/11/2021<br>ഗസ്റ്റ് ഹൗസ്, എറണാകുളം |
| ഹിയറിംഗിലെ സാന്നിധ്യം :<br>പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | <br>ഹാജരായി<br>ഹാജരായി |

# ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ബി. ഷൈജു, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്ക് 100 ദിവസം കഴിഞ്ഞിട്ടും മറുപടിയൊന്നും ലഭ്യമായില്ലെന്നും ആയത് ലഭ്യമാക്കുവാനുള്ള നടപടി ഉണ്ടാകണമെന്നും വിവരം നൽകാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടി സ്വീകരിക്കണമെന്നുമാണ്.

2. പരാതി ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 08.03.2021 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ലാന്റ് റവന്യൂ കമ്മീഷണർക്കെതിരെ ശ്രീ.എ. അറുമുഖം പിള്ള ഫയൽ ചെയ്ത കോടതി അലക്ഷ്യ ഹർജി Con.Case(C) No. 993/2020 in W.P(C) 7390/2020 പ്രകാരം ഫയൽ ചെയ്ത ഹർജിയിൽ ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ ഫയൽ നമ്പർ എൽ.ആർ(ജെ)1 47904/2019 ഫയലിൽ നടപടി ക്രമങ്ങൾ പൂർത്തീ കരിച്ച് റിപ്പോർട്ട് നൽകുവാൻ ഇടുക്കി ജില്ലാ കളക്ടറോട് ആവശ്യപ്പെട്ട് നമ്പർ എൽ.ആർ(ജെ)1 28831/2019 കത്ത് പ്രകാരം ശ്രീ. എ. ചെല്ലയ്യ എന്നയാളുടെ പേരിൽ കൊട്ടാക്കാമ്പൂർ വില്ലേജിലെ RC 2337/65 നമ്പർ കേസ് പ്രകാർം ലഭിച്ച പട്ടയത്തിന്റെ തണ്ടപ്പേർ പരിശോധന പരിശോധന പൂർത്തീകരിച്ചിട്ടുണ്ടോ എന്നുമാണ്.

3. പരാതി ഹർജിക്കാരന്റെ 08.03.2021 ലെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചിരിക്കുന്നത്, പരാതിക്കാരൻ ലാന്റ് റവന്യൂ കമ്മീഷണരുടെ കാര്യാലയത്തിൽ നൽകിയ അപേക്ഷ അവിടുത്തെ എസ്.പി.ഐ.ഒ ഒന്നാം എതിർകക്ഷി ഓഫീസിന് കൈമാറിയിട്ടുള്ളതും ആയത് തുടർ നടപടികൾക്കായി ദേവീകുളം താലൂക്ക് തഹസീൽദാർക്ക് കൈമാറി യെന്നും ആയതിനാൽ ഒന്നാം എതിർകക്ഷി ഓഫീസിൽ നടപടികൾ അവശേഷി ക്കുന്നില്ല എന്നും തുടർ വിവരങ്ങൾക്കായി ദേവീകുളം താലൂക്ക് ഓഫീസുമായി ബന്ധപ്പെടണമെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 27.08.2021 തീയതി വച്ച് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പരാതിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സി4-3126/2021 -ാം നമ്പർ ഫയലിൽ നിന്നും 28.05.2021 ൽ നൽകിയിട്ടുള്ളതാണെന്നും, ടിയാന്റെ 23.04.2021 ലെ മറ്റൊരു അപേക്ഷയിലും ആവശ്യപ്പെട്ടിരുന്നത് കൊട്ടക്കാമ്പൂർ വില്ലേജിലെ ആർ.സി. 2337/65 -ാം നമ്പർ പതിവിൻപടി ലഭിച്ച 4211-ാം നമ്പർ പട്ടയത്തിന്റെ തണ്ടപ്പേർ പരിശോധന പൂർത്തീകരിച്ചിട്ടുണ്ടോ എന്നതായിരുന്നുവെന്നും ആയതുമായി ബന്ധപ്പെട്ട് ലാന്റ് റവന്യൂ കമ്മീഷണറിൽ നിന്നും ശ്രീ. എ. അറുമുഖപിള്ള എന്നയാൾ ഫയൽ ചെയ്ത കോടതിയലക്ഷ്യ ഹർജി 993/20 നമ്പർ കേസിലെ ഉത്തരവു പ്രകാരം നടപടി സ്വീകരിക്കുന്നതിനായി അയച്ചു കൊടുത്ത ഫയലിൽ തണ്ടപ്പേർ പരിശോധന പൂർത്തിയായത് സംബന്ധിച്ച വിവരങ്ങളൊന്നും ഉൾപ്പെട്ടിട്ടില്ല എന്നുമാണ്. പരാതിക്കാരന് മറുപടി ലഭ്യമായില്ല എന്നാരോപിച്ച് ടിയാൻ വീണ്ടും 31.05.2021 ൽ സമർപ്പിച്ച അപേക്ഷയിലും 25.06.2021 ൽ മറുപടി നൽകിയിട്ടുള്ളതാണെന്നും, ടി മറുപടിയിൽ ടിയാന് ആക്ഷേപമുണ്ടെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ അധികാരിയായ ദേവികുളം തഹസീൽദാർ ടിയാനോട് 26.08.2021 ൽ ഹാജരാകുന്നതിന് നോട്ടീസ് നൽകിയെങ്കിലും ടിയാൻ ഹാജരായില്ലെന്നും റിപ്പോർട്ടിൽ പറയുന്നു.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 27.08.2021 തീയതി വച്ച് സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിലും പരാതിക്കാരൻ ലാന്റ് റവന്യൂ കമ്മീഷണറുടെ ഓഫീസിൽ അയച്ച വിവരാവകാശ അപേക്ഷ ഒന്നാം എതിർകക്ഷി ഓഫീസിലേക്ക് കൈമാറിയതായും അവിടെ നിന്നും ടി അപേക്ഷ രണ്ടാം എതിർകകഷി ഓഫീലേക്ക് അയച്ചതായും മനസ്സിലാക്കുന്നു. രണ്ടാം എതിർകക്ഷി പരാതിക്കാരന്റെ അപേക്ഷയ്ക്ക് 28.05.2021 ൽ മറുപടി നൽകിയിട്ടുള്ളതായാണ് 27.08.2021 ലെ റിപ്പോർട്ടിലും ഹിയറിംഗിൽ പങ്കെടുത്ത എതിർകക്ഷിയുടെ മൊഴിയിലും പറയുന്നത്. ടി മറുപടി പരാതിക്കാരന് വൈകിയാണ് ലഭ്യമായതെന്നും ലഭ്യമായത് അറ്റസ്റ്റു ചെയ്യാത്ത മറുപടിയാണെന്നുമാണ് പരാതിക്കാരന്റെ മൊഴിയിൽ പറയുന്നത്. കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് പരാതിക്കാരന് 28.05.2021 ലെ മറുപടി അറ്റസ്റ്റ് ചെയ്ത് ഹിയറിംഗിന് ഹാജരായ എതിർകക്ഷി ഹിയറിംഗ് വേളയിൽ

നൽകിയിട്ടുള്ളതാണ്. പരാതിക്കാരൻ ആവശ്യപ്പെട്ട വിവരം ലഭ്യമായതിനാൽ ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 9-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**അഡ്വ.എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm

RIGHT TO INFORMATION